**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 499** **02-02-2023 - ൽ മറുപടിയ്ക്ക്**

**അവധി എടുക്കുമ്പോൾ പ്രമോഷൻ നൽകുന്ന രീതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഉദ്യോഗസ്ഥർ മൂന്നുമാസത്തിനു മുകളിൽ അവധി എടുക്കുമ്പോൾ പ്രമോഷൻ നൽകുന്ന രീതി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് നിർത്തലാക്കിയത് എന്ന് വ്യക്തമാക്കുമോ; | (എ) | **05/11/2020-ലെ സ.ഉ.(അ) നം.152/2020/ധന** പ്രകാരം ഒരു ഉദ്യോഗസ്ഥൻ മൂന്ന് മാസത്തിനു മേൽ അവധിയെടുത്താൽ പ്രമോഷൻ നല്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന സമ്പ്രദായം ഉത്തരവ് തീയതി മുതൽ നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ, സ്ഥാനക്കയറ്റം അനുവദിക്കുന്നതിനു ഏർപ്പെടുത്തിയിട്ടുള്ള മേൽ നിയന്ത്രണത്തിൽ നിന്നും Leave Preparatory to Retirement (LPR) മൂലമുണ്ടാകുന്ന ഒഴിവുകൾക്ക് **02.09.2022-ലെ സ.ഉ.(അ) നം.105/2022/ധന** പ്രകാരം, ഉത്തരവ് തീയതി മുതൽ, ഇളവ് നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത രീതിയില്ലുള്ള നിയമനം നിർത്തലാക്കിയ ശേഷം ധനകാര്യവകുപ്പിൽ അവധിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥരുടെ ഒഴിവിലേക്ക് പ്രമോഷൻ നൽകി നിയമനം നടത്തിയിട്ടുണ്ടോ; ഏതൊക്കെ തസ്തികകളിലേക്കാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; ഓരോ തസ്തികയുടെയും ശമ്പള സ്കെയിൽ ഉൾപ്പെടെ വിശദമാക്കുമോ? | (ബി) | സർക്കാർ ഉദ്യോഗസ്ഥർ മൂന്ന് മാസത്തിനു മുകളിൽ അവധി എടുക്കുമ്പോൾ പ്രമോഷൻ നല്കുന്ന രീതി നിർത്തലാക്കിയ ശേഷം ധനകാര്യ വകുപ്പിൽ അവധിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥരുടെ ഒഴിവിലേയ്ക്ക് പ്രമോഷൻ നല്കി നിയമനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ